(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2114/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം
ഇമെയിൽ - lfadtvm@yahoo.in
വെബ് - www.lfa.kerala.gov.in
ഫോൺ - 04712331231
തീയതി : 14.12.2016

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അതിയന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അതിയന്നൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം കെ .എസ് .എ .റ്റി .വി .എം.ജി .പി .3/2114/2016 തീയതി :14.12.2016

## തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് മുതൽ തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2015-16 വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദ്ദീൻ. എഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 16/11/2016മുതൽ 22/11/2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. സിന്ധു.പി.എസ് | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.അരുൺ കുമാർ.സി.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ശ്രീമതി.സുനിതബാബു.ബി.എസ് | ഓഡിറ്റർ |
| 4 | ശ്രീ.സന്തോഷ് കുമാർ.ജെ.ഐ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് - ശ്രീ. ശശികുമാർ. എ.പി (01.04.2015 മുതൽ 31.03.2016 വരെ )

നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.ഗിരി.എസ്.എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.സെക്രട്ടറി | ശ്രീ.ഗോപകുമാർ | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| | | |
| വി.ഇ.ഒ (സർക്കിൾ A) | ശ്രീ.രാജ്കുമാർ.ആർ.ആർ | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ (സർക്കിൾ B) | ശ്രീ.റ്റി.ജെ.പ്രവീൺ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജൻ | ശ്രീ.ശിവസെന്തിൽ കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സ്മിത | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി വെൺപകൽ) | ഡോ.ശിവകുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശാലിനി രാജ് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ശ്രീദേവി | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.രാധാമണി | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ഐറിൻ.ജി | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി.സന്ധ്യ.ആർ.നായർ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 01 | ബജറ്റ് | 1-1 | |
| 02 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 03 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 04 | സാമ്പത്തിക വിശകലനം | 1-4 | |
| 05 | ഫണ്ട് വിനിയോഗം | 1-5 | |
| 06 | പദ്ധതി അവലോകനം. | 1-6 | |
| 07 | തനത് വരുമാനം. | 1-7 | |
| 08 | ക്ഷേമപദ്ധതികൾ | 1-8 | |
| 09 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം -2 | | |
| 12 | കെട്ടിട നികുതി അസസ്മെന്റ്- ഡിമാന്റ്- ഈടാക്കൽ - അപാകതകൾ | 2-1 | |

| | | | |
|---|---|---|---|
| 13 | മാർക്കറ്റ് ലേലം കുടിശ്ശിക – റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തേണ്ടതാണ്. | 2-2 | |
| | ഭാഗം- 3 | | |
| 16 | വൃദ്ധസദനമന്ദിരവും ഉപകരണങ്ങളും നശിക്കുന്നു - ലക്ഷങ്ങൾ നഷ്ടമാകുന്നു | 3-1 | |
| 17 | ഖരമാലിന്യസംസ്കരണപ്ലാന്റ് പ്രവർത്തനം നിലച്ച നിലയിൽ - വൻതുകകളുടെ പാഴ്ചെലവ് | 3-2 | |
| 18 | വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല – 22,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-3 | |
| 19 | സമഗ്ര ആരോഗ്യ ഗ്രാമം പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല- 46000 രൂപ തടസ്സപ്പെടുത്തുന്നു | 3-4 | |
| | ഭാഗം -4 | | |
| 32 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.03.2015 തിയതിയിലെ 1(1) -ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 20/06/2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 17/11/2016 | |

സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 21026876
വരവ് - 51744626
ആകെ - 72771502
ചെലവ് - 62239621
നീക്കിയിരിപ്പ് - 10531881

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2592208 | 4908687 | 6828625 | 14329520 | 14329520 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1598777 | 3562676 | 0 | 5161453 | 5161453 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 67000 | 0 | 0 | 67000 | 67000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 250217 | 13739883 | 0 | 13990100 | 13990100 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 578183 | 3466872 | 0 | 4045055 | 4045055 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2681073 | 7429246 | 0 | 10110319 | 10110319 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 4041000 | 2407555 | 0 | 6448555 | 6448555 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 59280180 | 170 | 47996788 | 0 | 25 | 87.17% |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 17.96% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4381548 | 3268896 | (-)1112652 | |
| നികുതിയേതര വരവുകൾ | 1538907 | 1459454 | (-)79453 | |
| മറ്റുവരവുകൾ | 444397 | 493249 | 48852 | |
| ആകെ | 6364852 | 5221599 | (-)1143253 | (-)17.96% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 980880 | 590 |
| കർഷകതൊഴിലാളി പെൻഷൻ | 8379150 | 966 |
| വിധവാപെൻഷൻ | 9443800 | 1026 |
| വാർദ്ധക്യകാലപെൻഷൻ | 11769030 | 1940 |
| വികലാംഗപെൻഷൻ | 3310035 | 333 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 595640 | 61 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 200000 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16/11/2016 -ാം തീയതി 3.30pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3323/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കേണ്ടതും ഡി & ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04/11/2016 | 01/9/16 മുതൽ 31/10/2016വരെ | ഇല്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10/05/2016മുതൽ 26/05/16 വരെ | 2011-12 മുതൽ 2015-16 വരെ | 27/06/16 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നികുതി അസസ്സ്മെന്റ്- ഡിമാന്റ്- ഈടാക്കൽ - അപാകതകൾ

വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കുന്നതു സംബന്ധിച്ച് സ.ഉ.(എം.എസ്) നമ്പർ 144/2015 തീയതി 27.04.15 പ്രകാരമുള്ള ഉത്തരവിന് 16/12/15 തീയതിയിലെ സ.ഉ.(എം.എസ്) നം 358/15 ത.സ്വ.ഭ.വ പ്രകാരം സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ഖണ്ഡിക 1പ്രകാരം ഘടനാ പരമായ മാറ്റം വരുത്താത്ത കെട്ടിടങ്ങൾക്ക് 01/04/13 ന് മുൻപ് ഉണ്ടായിരുന്ന നികുതി ഈടാക്കേണ്ടതാണ്. ഘടനാപരമായ മാറ്റം വരുത്തിയ വീടുകളെ പുതിയ കെട്ടിടങ്ങൾ എന്ന നിലയിൽ പരിഗണിച്ച് പുതിയ ചട്ടങ്ങളനുസരിച്ച് വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. ഏറ്റവും ഒടുവിലത്തെ വസ്തു നികുതി പുനർ നിർണ്ണയത്തിനു ശേഷം ടി കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ( പെർമിറ്റ് / അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ഉറപ്പുവരുത്തണം), അപ്രകാരം കൂട്ടിച്ചേർത്ത ഭാഗത്തിന്റെ വിസ്തൃതി തിട്ടപ്പെടുത്തി പ്രസ്തുത ഭാഗത്തിന് പുതിയ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിട നികുതി ശരിയായി അസസ്സ്മെന്റ് ചെയ്തിട്ടില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.

പട്ടിക -1

| ക്രമ നം. | കെട്ടിട നമ്പർ (പഴയത്) & കെട്ടിടത്തിന്റെ അസസ്സ്മെന്റ് വിവരങ്ങൾ | നികുതി ഡിമാന്റ് | ഉടമസ്ഥൻ | കെട്ടിട നമ്പർ (പുതിയത്) & പുതിയ അസസ്സ്മെന്റ് വിവരങ്ങൾ | നികുതി ഡിമാന്റ് |
|---|---|---|---|---|---|
| 1. | 9 / 998 , ടെറസ്സ്, 2 മുറി, വിസ്തീർണം 22 ച.മീ | 120 | ശ്രീകുമാർ, കണ്ണങ്കര, അതിയന്നൂർ | അരംഗമുഗൾ / 10<br>വിസ്തീർണം - താഴത്തെ നില -153.6 ച.മീ, ഒന്നാം നില - 153.6 ച.മീ | 150 |

| | | | | | |
|---|---|---|---|---|---|
| 2. | 9/197 ,ഓട്, സിമന്റ്, 3 മുറി | 17 | ഭുവനേന്ദ്രൻ, കലാഭവൻ | അരംഗമുഗൾ / 413 കോൺക്രീറ്റ് വീട്, വിസ്തീർണം- 83.42 ച.മീ | 17 |
| 3 | 7/765 , ടെറസ്സ്, ഒരു മുറി, ഹാൾ , അടുക്കള | 162 | എസ്.ഗോപകുമാർ, ശ്രീശങ്കര,തിട്ടച്ചൽ, വെൺപകൽ | 8/37 വിസ്തീർണം - താഴത്തെ നില -101.38 ച.മീ, ഒന്നാം നില – 101.38 ച.മീ | 203 |
| 4 | 7/718 , ടെറസ്സ്, 5 മുറി | 195 | രവീന്ദ്രൻ നായർ , ശ്രീജ ഭവൻ | 8/49 ,താഴത്തെ നില -102 ച.മീ, ഒന്നാം നില – 102 ച.മീ | 244 |
| 5 | 7/700, ടെറസ്സ്, 4 മുറി | 195 | ഷാജിലാൽ.എസ്.എസ്, ഇന്ദീവരം , വെൺപകൽ | 8/72 താഴത്തെ നില -95 ച.മീ, ഒന്നാം നില – 95 ച.മീ | 244 |
| 6 | 7/746 ടെറസ്സ്, 2മുറി, ഹാൾ, അടുക്കള | 130 | ബിജുലാൽ. എസ്.എസ്, മാതാശ്രീ, വെൺപകൽ | 8/73 താഴത്തെ നില -79.9 ച.മീ, ഒന്നാം നില – 79.9 ച.മീ | 130 |

മേൽ പ്രസ്താവിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകളും പുതിയ നിർമ്മാണങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരങ്ങൾ പരിഗണിക്കാതെയാണ് പുതിയ നികുതി ഡിമാന്റ് ചെയ്തിരിക്കുന്നതും ഈടാക്കിയിരിക്കുന്നതും. നിലവിലുള്ളതിൽ വാർഡ് 3 & 8 എന്നിവയിലെ വിവരങ്ങൾ മാത്രമാണ് പ്രസ്താവിച്ചിട്ടുള്ളത്. എല്ലാ വാർഡിലും നികുതി നിർണയത്തിൽ ഇത്തരം അപാകതകൾ കാണുന്നു.

പട്ടിക- 2

| കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണം | നിർണയിച്ച നികുതി |
|---|---|---|---|
| 8/223 | രാജ്മോഹൻനായർ, കരുണാലയം, വെൺപകൽ | താഴത്തെ നില -97.02 ച.മീ, ഒന്നാം നില – 60 ച.മീ | 0 |
| 8/290 | വൽസല കല്ലുവിള വീട്, വെൺപകൽ | 77.35 ച.മീ | 0 |
| 8/296 | സുബാഷ് സബിതമോൾ,<br>ലൗ ലാന്റ്, കല്ലുവിള, | 108.78 ച.മീ | 0 |
| 8/441 | സനൽ കുമാർ, അറപ്പുര വീട്, വെൺപകൽ | 68.68 ച.മീ | 0 |
| 8/457 | വിജയശ്രീ, മാങ്കുളത്ത് വീട് | 82.56 ച.മീ | 0 |
| 11/450 | മണി, പോങ്ങുവിള | 68 ച.മീ | 0 |
| 11/704 | സുരേഷ് കുമാർ ,ശ്രീശിവം, വെൺപകൽ | 51 ച.മീ | 0 |
| 11/695 | രവീന്ദ്രൻ നായർ , വി.ആർ മന്ദിരം , വെൺപകൽ | 80 ച.മീ | 0 |

| | | | |
|---|---|---|---|

പട്ടിക രണ്ടിലെ കെട്ടിടങ്ങൾ നികുതി നിർണ്ണയിച്ച കാലയളവിൽ കുറഞ്ഞ തരം മേൽക്കൂരയായതിനാൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു .എന്നാൽ നിലവിൽ പ്രസ്തുത കെട്ടിടങ്ങൾക്ക് കോൺക്രീറ്റ് മേൽക്കൂരയാണ്. അതായത് നികുതി നിർണ്ണയിച്ചതിനു ശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിലുള്ള എല്ലാകെട്ടിടങ്ങളും കണ്ടെത്തി സർക്കാർ ഉത്തരവിനനുസൃതമായി നികുതി പുതുതായി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 2-2 മാർക്കറ്റ് ലേലം കുടിശ്ശിക – റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തേണ്ടതാണ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നെല്ലിമൂട് പൊതുമാർക്കറ്റിൽ വ്യാപാരം നടത്തുന്നതിൽ നിന്നും 2015-16 വർഷത്തിൽ ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശലേലം 7,66,000/- രൂപയ്ക്ക് ശ്രീ മൻമോഹൻലാൽ, ലില്ലിനിലയം, പുല്ലാമൂല, അമരവിള പി.ഒ എന്നയാളുടെ പേരിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൻവർഷം ടിയാൻ അടവാക്കിയിട്ടുള്ള തുക 5,40,210/-രൂ മാത്രമാണ്. ടിയാൻ സമർപ്പിച്ചിട്ടുള്ള സോൾവൻസി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 31.12.2015 മുതൽക്കുള്ള പിഴപ്പലിശ ചേർത്തുള്ള ശേഷിച്ച തുക (2,36,233/-രൂ) റവന്യൂ റിക്കവറി മുഖേന ഈടാക്കാൻ ചെങ്കൽ വില്ലേജാഫീസറോട് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയതിന് നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വൃദ്ധസദനമന്ദിരവും ഉപകരണങ്ങളും നശിക്കുന്നു - ലക്ഷങ്ങൾ നഷ്ടമാകുന്നു

ചാനൽ പുറമ്പോക്ക് നിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി 2005ൽ പഞ്ചായത്ത് വാങ്ങിയ സ്ഥലത്താണ് 2009-10ൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് വൃദ്ധസദനം പണിതത്. വിവിധ മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകിയെങ്കിലും നാളിതുവരെ ഗുണഭോക്താക്കളാരും എത്തിയിട്ടില്ല. മന്ദിരവും അതിനുള്ളിലുള്ള സാധനസാമഗ്രികളും നശിച്ചുപോകാതിരിക്കാനായി പ്രസ്തുത മന്ദിരം പഞ്ചായത്തിന്റെ ആരോഗ്യ സബ്സെന്ററുകളുടെ പ്രവർത്തനത്തിന് വിട്ടുനൽകാൻ 04.07.2014ലെ കമ്മിറ്റി തീരുമാനിയ്ക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് നിർമ്മിച്ച കെട്ടിടമായതിനാൽ, ബ്ലോക്ക് പഞ്ചായത്തിനെക്കൂടി അറിയിച്ചുകൊണ്ട് ടി കെട്ടിടം പഞ്ചായത്തിന് കൈമാറിക്കിട്ടിയ ആശുപത്രി ഉൾപ്പടെയുള്ള സ്ഥാപനങ്ങൾക്ക് നൽകുന്നതു സംബന്ധിച്ച് പഞ്ചായത്തിനു തന്നെ തീരുമാനമെടുക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

മുൻവർഷങ്ങളിലെല്ലാം ലക്ഷക്കണക്കിന് രൂപ ചെലവുചെയ്ത് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള പ്രസ്തുത കെട്ടിടം നിലവിലും ഉപയോഗശൂന്യമായി നിലകൊള്ളുകയാണ്. തൻവർഷവും 1,99,603/- രൂപ മുടക്കി ചുറ്റുമതിൽ പണിതിട്ടുണ്ട്. മുൻതീരുമാന പ്രകാരം കെട്ടിടവും അതിനുള്ളിലുള്ള സാധനസാമഗ്രികളും വൃദ്ധജനങ്ങൾക്ക് കൂടി ഉപകാരപ്രദമായ രീതിയിൽ ഫലവത്താക്കുന്നതിനുള്ള അടിയന്തര നടപടികൾ ഭരണതലത്തിൽ കൈക്കൊള്ളേണ്ടതാണ്.

## 3-2 ഖരമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനം നിലച്ച നിലയിൽ - വൻതുകകളുടെ പാഴ്ച്ചെലവ്

അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ നെല്ലിമൂട് ചന്തയിൽ സ്ഥാപിച്ചിട്ടുള്ള ഖരമാലിന്യസംസ്കരണപ്ലാന്റ് പ്രവർത്തനരഹിതമായി കിടക്കുകയാണ്. തനത് ഫണ്ടിൽ നിന്നും 2,07,316/- രൂപയും പ്ലാൻ ഫണ്ടിൽ നിന്നും 1,01,063/- രൂപയുമുൾപ്പടെ 3,08,379/- രൂപ ചെലവഴിച്ച് നടപ്പാക്കിയ പദ്ധതി മുഖേന നാളിതുവരെ ഉദ്ദേശിച്ച

പ്രയോജനം ലഭിച്ചിട്ടില്ല. പഞ്ചായത്ത് നേരിട്ട് നിർമ്മിച്ച പ്രസ്തുത പ്ലാന്റിന്റെ നടത്തിപ്പ് ചുമതല നാളിതുവരെ ആർക്കും നൽകിയിട്ടില്ല. മാലിന്യം നിറച്ചതിനുശേഷം ഉപയോഗിക്കാതെ കിടക്കുന്നതിനാൽ അതിൽ നിന്നുള്ള പുഴുക്കളും ദുർഗന്ധവും കാരണം പരിസരവാസികളും ചന്തയിൽ വരുന്നവരും ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ടി പ്ലാന്റ് ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 3-3 വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല – 22,000/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ അംഗൻവാടി വാട്ടർകണക്ഷൻ (പ്രോജക്ട് നം : 140/16) എന്ന പദ്ധതി പ്രകാരം പോങ്ങിൽ വാർഡിലെ അംഗൻവാടി നം 12ന് വാട്ടർകണക്ഷൻ ലഭിക്കുന്നതിനായി ബിൽ നം. 44/23.03.16 മുഖേന 22,000/-രൂ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്തതിനാൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 സമഗ്ര ആരോഗ്യ ഗ്രാമം പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല- 46000 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം - 90/2016

ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ കുടുംബങ്ങളിലും ആരോഗ്യ ശുചിത്വ സർവ്വെ നടത്തി ആരോഗ്യസ്ഥിതി വിലയിരുത്താൻ കഴിയുന്ന സോഫ്റ്റ് വെയറും വെബ്സൈറ്റും ക്രമീകരിക്കാനാണ് സമഗ്രആരോഗ്യ ഗ്രാമം പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ആയത് ക്രമീകരിക്കുന്നതിനായി 46000/- രൂപ വകയിരുത്തിയിരുന്ന പ്രസ്തുത തുക 30/03/16 ന് ബിൽ നമ്പർ 7/16 പ്രകാരം പിൻവലിച്ചിട്ടുണ്ട് . എന്നാൽ സർവ്വെ നടത്തുകയെന്നതു മാത്രമെ പദ്ധതി പ്രകാരം ചെയ്തിട്ടുള്ളൂ. പ്രസ്തുത വിവരം സോഫ്റ്റ്വെയറിൽ എൻട്രി നടത്തുകയോ വെബ്സൈറ്റിലേക്ക് അപ് ലോഡ് ചെയ്യുകയോ ചെയ്തിട്ടില്ല. ആയതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല . പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | 140/16 | 736921/ 29/3/16 | 22000 | | 22000 |
| KSEB | 32/16 | 796159/18.08.2015 (103500/-) 12474/27.01.2016 (368018/-) 736971/29.03.2016 (80806/-) | 628458 | | 628458 |

| | | | | | |
|---|---|---|---|---|---|
| | | 737080/29.03.2016 (40840/-) 796098/18.08.2015 (16155/-) 797045/28.08.2016 (19139/-) | | | |
| KSEB | 183/16 | 11050/01.06.2016 (403448/-) 737357/30.03.2016 (65650/-) 737332/29.03.2016 (110070/-) 737031/29.03.2016 (250065/-) | 829233 | | 829233 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | ഇല്ല | | | | | |

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാധാ.)നം. 875/2015 തസ്വഭവ. 27.01.2010 | 14986500 | 7322210 | 3341285 | 0 | 3980925/- |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| | ഇല്ല |

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബാധകമല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 72771502 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 62239621 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 68000 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| | | |
| 3-3 | 22000 | എസ്.എസ്.ഗിരി, സെക്രട്ടറി |
| 3-4 | 46000 | ഡോ.ശിവകുമാർ, (സി.എച്ച്.സി. വെൺപകൽ ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എസ്.എസ്.ഗിരി, സെക്രട്ടറി | സെക്രട്ടറി, അതിയന്നൂർ ഗ്രാമപഞ്ചായത്ത് | താഴംകാട്ടു വീട്, ഓലത്താന്നി, നെയ്യാറ്റിൻകര |
| ഡോ .ശിവകുമാർ, (സി.എച്ച്.സി. വെൺപകൽ ) | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, വെൺപകൽ) | SRA 52, കോർട്ട് റോഡ്, കന്നിപുരം, നെയ്യാറ്റിൻകര |

# 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | നം.എൽ.എഫ്.ടി.ഡി.-6(എ) 147/2000<br>തീയതി: 19.01.2000 | | |
| 1998-99 | നം.എൽ.എഫ്.ടി.ഡി.-6(എ) 241/2000<br>തീയതി : 29.12.2006 | | |
| 1999-00 | നം.എൽ.എഫ്.ടി.ഡി.-6(എ) 384/2001<br>തീയതി: 31.10.2001 | | |
| 2000-01 | നം.എൽ.എഫ്.ടി.ഡി.-6(എ) 320/2002<br>തീയതി: 21.04.2002 | | |

| | | | |
|---|---|---|---|
| 2001-02 | നം.എൽ.എഫ്.ടി.ഡി.-3/288/2004<br>തീയതി: 10.06.2004 | | |
| 2002-03 | നം.എൽ.എഫ്.ടി.ഡി.-3/61/2005<br>തീയതി: 08.07.2006 | | |
| 2003-04 | നം.എൽ.എഫ്.ടി.ഡി.-3/1251/2007<br>തീയതി: 08.07.2008 | | |
| 2004-05 | നം.എൽ.എഫ്.ടി.ഡി.-3/1779/2008<br>തീയതി: 08.01.2009 | | |
| 2005-06 | നം.എൽ.എഫ്.ടി.ഡി.-3/801/2009<br>തീയതി: 30.07.2009 | | |
| 2006-07 | നം.എൽ.എഫ്.ടി.ഡി.-3/802/2009<br>തീയതി: 10.06.2004 | | |
| 2007-08 | നം.എൽ.എഫ്.ടി.ഡി.-3/12/2010<br>തീയതി. 06.05.2010 | | |
| 2008-09 | നം.എൽ.എഫ്.ടി.ഡി.-3/313/2012<br>തീയതി: 18.06.2012 | | |
| 2009-10 | നം.എൽ.എഫ്.ടി.ഡി.-3/314/2011<br>തീയതി: 18.06.2012 | | |
| 2010-11 | നം.എൽ.എഫ്.ടി.ഡി.-3/311/2013<br>തീയതി : 25.04.2013/16.06.2013 | | |
| 2011-12 | നം.എൽ.എഫ്.ടി.ഡി.-3/1358/2013<br>തീയതി : 15.11.2013 | | |
| 2012-13 | നം.എൽ.എഫ്.ടി.ഡി.-6(എ)ഡി.3/292/2014 തീയതി : 25.03.2014 | | |
| 2013-14 | നം.എൽ.എഫ്.ടി.ജി.പി-3/2405/2014<br>തീയതി : 18.02.2015 | | |
| 2014-15 | നം.കെ.എസ്.എ.ടി.വി.എം.ജി.പി-3/1075/2016<br>തീയതി : 18.07.2016 | | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചേർത്തിട്ടുള്ളതും ചുവടെ ചേർത്തിട്ടുള്ള ന്യൂനതകളുമൊഴികെ വാർഷിക ധനകാര്യ പത്രിക അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003ജൂൺ 12-ലെ നമ്പർ:319/2003/ധന, തിയതി:12.06.2003 ഉത്തരവും അനുസരിച്ചാണ്.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

### ന്യൂനതകളുടെ സംഗ്രഹം

1.ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം കൃത്യമായി നിർണ്ണയിച്ച് വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. സ്റ്റോക്ക് & സ്റ്റോഴ്സ് മൂല്യധിഷ്ഠിതമായി തയ്യാറാക്കി വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്